# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4605** 18.05.2017-ൽ മറുപടിക്ക്

തിരുവമ്പാടി മണ്ഡലത്തിലെ മിനി ഹൈഡൽ പ്രോജക്ടുകൾ

| | ചോദ്യം<br>ശ്രീ. ജോർജ് എം. തോമസ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്നതും അനുമതി ലഭിച്ചതുമായ മിനി ഹൈഡൽ പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർ വഴിയുള്ള ഹൈഡൽ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതികൾ കാലവിളംബമില്ലാതെ നടപ്പാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന പ്രകാരം മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഇൻസ്പെക്ഷൻ കൃത്യമായി നടപ്പിലാക്കി വരുന്നു. ക്ലിയറൻസുമായി ബന്ധപ്പെട്ട സഹായങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റി കൂടി നടപ്പിലാക്കുന്നതാണ്. |
| (സി) | വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദമായ അവലോകനം നടത്തുന്നതിനും കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിനും യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പദ്ധതികളുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സം നേരിടുകയാണെങ്കിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അപേക്ഷകന്റെ പേര് | വിഭാഗം | ജില്ല | നദീതീരം | സ്ഥാപിത ശേഷി (MW) | അക്ഷാംശവും രേഖാംശവും | പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|
| 1 | ആനക്കാംപോയിൽ | M/s രാജരത്ന എനർജി ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഐപിപി | കോഴിക്കോട് | ഇരുവഞ്ചി പുഴ | 6.75 | 11.4369° N, 76.0588° E | ഫോറെസ്റ്റ് ക്ലിയറൻസ് ലഭിച്ചു, മേയ് 2018 നകം പൂർത്തിയാകും. |
| 2 | അരിപ്പാറ | M/s സിയാൽ ഇൻഫ്രാസ്ട്രക്ച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഐപിപി | കോഴിക്കോട് | ചാലിയാർ പുഴ | 3 | 11°26'07"N 76°21'55"E | ജനുവരി 2018 നകം പൂർത്തിയാകും. |
| 3 | പതാൻകയം | M/s മിനാർ അല്ലോയ്സ് & ഫോർജിങ്ങ്സ് പ്രൈവറ്റ് ലിമിറ്റഡ് | സിപിപി | കോഴിക്കോട് | ഇരുവഞ്ചി പുഴ | 8 | 11° 44' N, 76° 04' 9'' E | പണി പൂർത്തിയായി. താൽക്കാലികമായി ഓടിച്ചുകൊണ്ടിരിക്കുന്നു. |
| 4 | മുത്തപ്പൻപ്പുഴ | M/s മിനാർ ഇസ്പാട്ട് പ്രൈവറ്റ് ലിമിറ്റഡ് | ഐപിപി | കോഴിക്കോട് | ഇരുവഞ്ചി പുഴ | 1.5 | 11.4438° N, 76.0878° E | ഫോറസ്റ്റ് ക്ലിയറൻസിനായി കാത്തിരിക്കുന്നു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | കിള്ളികല്ല് | M/s KVM എനർജി പ്രൈവറ്റ് ലിമിറ്റഡ് | ഐപിപി | കോഴിക്കോട് | ഇരുവഞ്ചി പുഴ | 3 | 11°22′00″N 76°01′00″E | പരിശോധിച്ചു വരുന്നു. |
| 6 | കുളിരാമുട്ടി | M/s മിനാർ ഇസ്പാട്ട് പ്രൈവറ്റ് ലിമിറ്റഡ് | ഐപിപി | കോഴിക്കോട് | ചാലിയാർ പുഴ | 3 | 11°22′00″N 76°04′00″E | പരിശോധിച്ചു വരുന്നു. |

Kamalella

**സെക്ഷൻ ഓഫീസർ**